(സി) ഇതിന്റെ ഭാഗമായി കാൽനടക്കാരെ സഹായിക്കുന്നതിനായി ട്രാഫിക് പോലീസിന്റെ സേവനം കൂടുതൽ പ്രയോജനപ്പെടുത്താൻ നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ ഉള്ളൂർ ജംഗ്ഷൻ കേന്ദ്രീകരിച്ച് അനധികൃതമായി സമാന്തര സർവ്വീസ് നടത്തുന്ന ടെമ്പോ, ട്രക്കർ എന്നിവയുടെ പ്രവർത്തനങ്ങൾ മൂലം കാൽനടക്കാർക്കും ബസ് യാത്രക്കാർക്കും ബുദ്ധിമുട്ടുള്ളതായി യാതൊരു പരാതിയും ഇന്നേവരെ ലഭിച്ചിട്ടില്ല. എന്നാൽ പാരലൽ സർവ്വീസ് നടത്തുന്നതിനെതിരായി ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരായി കേരള മോട്ടോർ വെഹിക്കിൾ ആക്ടിലെ സെക്ഷൻ 66/ആർ/ ഡബ്ലിയൂ 192 പ്രകാരം നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) ഉള്ളൂർ ജംഗ്ഷനിൽ ഗതാഗതക്കുരുക്ക് ഉണ്ടാകാതിരിക്കുന്നതിനും കാൽനടക്കാരെ റോഡ് മുറിച്ച് കടക്കുന്നതിന് സഹായിക്കുന്നതിനും വേണ്ടി രാവിലെ 8 മണി മുതൽ വൈകിട്ട് 8 മണിവരെ ഒരു സബ് ഇൻസ്പെക്ടറുടേയും രണ്ടു പോലീസുകാരുടെയും സേവനം ഉപയോഗിച്ചുവരുന്നുണ്ട്.

നസീം മൻസിലിൽ ഷീബയുടെ മരണം

102 (3292) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിലെ വെള്ളക്കിണർ വാർഡിൽ നസീം മൻസിലിൽ താമസിച്ചിരുന്ന ഷീബ മരണമടഞ്ഞത് സംബന്ധിച്ച പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ;

(ബി) പൊള്ളലേറ്റ് മരണമടഞ്ഞ ഷീബയുടെ മരണം കൊലപാതകം മൂലമാണെന്ന് ഷീബയുടെ പിതാവ് പോലീസിൽ പരാതിപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൻ പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഈ കേസ് അന്വേഷണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പോലീസിന്റെ ഏത് വിഭാഗമാണ് അന്വേഷിക്കുന്നത്, ആർക്കാണ് അന്വേഷണചുമതലയെന്നുമുള്ള വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) ഷീബയുടെ മരണത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാട്ടുകാർ രൂപീകരിച്ച ആക്ഷൻ കൗൺസിൽ പോലീസിന് പരാതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഷീബയുടെ മരണകാരണം കണ്ടുപിടിക്കുന്നതിനും കൊലപാതകം ആണെങ്കിൽ കുറ്റക്കാരായ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മരണമടഞ്ഞ ഷീബയുടെ അനന്തരവാകാശികൾക്ക് മതിയായ സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഷീബയുടെ മരണം സംബന്ധിച്ച രജിസ്റ്റർ ചെയ്തക്രൈം 93/2000 കേസ്സിന്റെ അന്വേഷണം ആലപ്പുഴ ഡി.വൈ.എസ്.പി. നടത്തിവരുന്നു. കേസ്സിന്റെ അന്വേഷണ വേളയിൽ ഷീബയെ മണ്ണെണ്ണ ഒഴിച്ച് ഷീബയുടെ ഭർത്താവും മറ്റും ചേർന്ന് തീ കത്തിച്ച് കൊലപ്പെടുത്തിയതാണെന്ന് സംശയിക്കുന്നതായി ഷീബയുടെ പിതാവ് 8-3-2000-ൽ നൽകിയ പരാതി കൂട്ടിചേർത്ത് ആലപ്പുഴ ഡി.വൈ.എസ്.പി. അന്വേഷിച്ചുവരികയാണ്.

(ഡി) പരാതി ലഭിച്ചിട്ടില്ല.

(ഇ) അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) അപേക്ഷ ലഭിച്ചാൽ ധനസഹായം അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

ലാത്തിച്ചാർജ്ജിനെപ്പറ്റി അന്വേഷണം

103 (3293) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ 2000 ജനുവരി 1-ന് ശേഷം നടന്ന പോലീസ് ലാത്തിച്ചാർജ്ജുകളേയും അതിക്രമങ്ങളെയും പറ്റി അന്വേഷിക്കാൻ കമ്മീഷനെ വച്ചിട്ടുണ്ടോ ;

(ബി) ആരെയാണ് ഈ ചുമതല ഏൽപ്പിച്ചിരിക്കുന്നത് ;

(സി) ഈ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമാണ് ;

(ഡി) കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള ഉത്തരവിൽ പറഞ്ഞിരിക്കുന്ന എല്ലാ വിഷയങ്ങളും ടേംസ് ഓഫ് റഫറൻസിൽ വന്നിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഏതെല്ലാമാണ് ഒഴിവാക്കിയിട്ടുള്ളത് ?

ഉത്തരം

(എ & ബി) 19-01-2000-ന് കൊല്ലത്ത് എ.ഐ.എസ്.എഫ്. മാർച്ചിനുനേരെ നടന്നതായി ആരോപിക്കപ്പെട്ട പോലീസ് അതിക്രമത്തെക്കുറിച്ചും, 7-2-2000-ന് യൂത്ത് കോൺഗ്രസ് മാർച്ചിന് നേരെ ഉണ്ടായതായി ആരോപിക്കപ്പെട്ട പോലീസ് ബലപ്രയോഗത്തെക്കുറിച്ചും അന്വേഷിക്കുന്നതിന് റിട്ടയേഡ് ജില്ലാ ജഡ്ജി ശ്രീ. കെ. പി. നാരായണൻ നായരെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly